(സി) വികസന പദ്ധതികൾക്കായി ഓരോ വർഷവും ചെലവഴിച്ച തുക താഴെ കൊടുക്കുന്നു:

വർഷം	പദ്ധതിയിൽ ചെലവഴിച്ച തുക (രൂപ കോടിയിൽ)
2001-02	2531.00
2002-03	3943.99
2003-04	3617.64
2004-05	3746.85 *
2005-06	1962.08 **

(ഡി) കാർഷിക കടാശ്വാസം നടപ്പിൽ വരുത്തി. 8 (എട്ട്) ജലവൈദ്യുത പദ്ധതികൾക്ക് അനുമതി നൽകി. ഇത് ലക്ഷ്യം കൈവരിക്കുന്നതോടെ മലബാർ പ്രദേശത്തെ വൈദ്യുതിക്ഷാമവും വോൾട്ടേജ് പ്രശ്നവും പരിഹരിക്കപ്പെടും. ആരോഗ്യ രംഗത്ത് പുതിയ മെഡിക്കൽ കോളേജുകളും ആയുർവേദ കോളേജുകളും നഴ്സിംഗ് സ്കൂളുകളും സ്ഥാപിച്ചു. കയർ മേഖലയുടെ മൊത്തത്തിലുള്ള സഹായത്തിനായി പുതിയ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിന് ഗവേഷണ കേന്ദ്രം സ്ഥാപിച്ചു. കുടുംബശ്രീ മുഖാന്തിരം 2.50 ലക്ഷം തൊഴിൽ രഹിതർക്ക് തൊഴിലവസരങ്ങൾ ലഭിച്ചു. ഐ. റ്റി.-യുടെ അതിവേഗത്തിലുള്ള വികസനം, വിനോദസഞ്ചാരികളുടെ എണ്ണത്തിലെ വർദ്ധനവ്, വർദ്ധിച്ച നിർമ്മാണ പ്രവർത്തനങ്ങൾ മുതലായവ നിർമ്മാണ സേവന മേഖലകളിലെ തൊഴിലവസരങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ട്. കഴിഞ്ഞ നാലുവർഷങ്ങളിലായി ഏകദേശം 14 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ക്ഷേമപദ്ധതികളും വികസന പദ്ധതികളും

68 [780] ശ്രീ. എ. കെ. ബാലൻ :
,, ടി. കെ. ദേവകുമാർ:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ സംസ്ഥാന സർക്കാർ ഏതെല്ലാം പുതിയ ക്ഷേമ പദ്ധതികളും വികസന പദ്ധതികളുമാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നും നടപ്പിലാക്കുന്നതിനുവേണ്ടി വരുന്ന തുക എത്രയാണെന്ന് പറയാമോ;

(സി) വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പദ്ധതികൾക്കുംവേണ്ടി 2005-06-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ;

* താൽക്കാലികം

** 31-12-2005 വരെയുള്ള താൽക്കാലിക കണക്ക്.

GPM. 2/152/2013—12 .

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2005-06 വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രധാനമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ആരോഗ്യ ഇൻഷ്വറൻസും, പ്രസിഡന്റ് നിയമസഭയിൽ പ്രഖ്യാപിച്ച 16 ഇന പരിപാടികളുമാണ്. (10 ഇന പരിപാടികളും കേരള സർക്കാർ പ്രഖ്യാപിച്ച 6 ഇന പരിപാടികളും) (16 ഇന പരിപാടി അനുബന്ധമായി ചേർത്തിരിക്കുന്നു). †

(ബി) ആരോഗ്യ ഇൻഷ്വറൻസിനായി ഒരു വർഷത്തേക്ക് ഏകദേശം 100 കോടി രൂപയാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. പ്രസിഡന്റിന്റെ മിഷനുമായി ബന്ധപ്പെട്ട പരിപാടികൾ അടുത്ത അഞ്ചു വർഷമായി നടപ്പിലാക്കുന്നതിന് ഏകദേശം 13495 കോടി രൂപയും കണക്കാക്കിയിട്ടുണ്ട്.

(സി & ഡി) വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തികൾക്കുംവേണ്ടി 2005-06 പദ്ധതി ബഡ്ജറ്റിൽ 5369.81 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വികസന പദ്ധതികളുടെ മേഖലാ വിഹിതവും 31-12-2005 വരെയുള്ള ചെലവും അനുബന്ധമായി കൊടുത്തിരിക്കുന്നു. †

വിദേശ അതിഥികൾ

69 [787] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ അതിഥികളായി കഴിഞ്ഞ വർഷങ്ങളിൽ എത്ര പേർ സംസ്ഥാനത്ത് വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർ വിദേശത്തുനിന്ന് വന്നിട്ടുള്ള അതിഥികളാണെന്ന് വ്യക്തമാക്കാമോ;

(സി) അതിഥികൾക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ കാര്യങ്ങളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർ സംസ്ഥാനത്ത് അതിഥികളായി എത്തുന്നത് ഏതാവശ്യങ്ങൾക്കാണെന്ന് അന്വേഷിക്കുന്ന നടപടി നിലവിലുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാന അതിഥികളായി എത്തുന്നവരുടെ താമസം, യാത്രാസൗകര്യം എന്നിവ സർക്കാർ സൗജന്യമായി നൽകുന്നു.

(ഡി) ഇല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly